## ഭക്ഷണസാധനങ്ങളുടെ വില ഏകീകരണവും ഹോട്ടലുകളുടെ ഗ്രേഡിങ്ങും

**255(3180)** ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില ഏകീകരിക്കുന്നതിനും ഹോട്ടലുകളെ ഗ്രേഡിംഗ് സംവിധാനത്തിൽ കൊണ്ടുവരുന്നതിനും ഉദ്ദേശിച്ചുള്ള നിയമനിർമ്മാണത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്?

### ഉത്തരം

ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

## രജിസ്ട്രേഷൻ വകുപ്പിലെ മോഡേണൈസേഷൻ തസ്തിക

**256(3181)** ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള രജിസ്ട്രേഷൻ പ്രക്രിയകൾ ആധുനികവത്കരിക്കുന്നതിനും, ലഘൂകരിക്കുന്നതിനും രജിസ്ട്രേഷൻ വകുപ്പിൽ മോഡേണൈസേഷൻ തസ്തിക എന്നു സൃഷ്ടിച്ചു ; എന്തൊക്കെ ജോലികൾ നിർവ്വചിച്ചു കൊടുത്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) തസ്തിക സൃഷ്ടിച്ച് ഉത്തരവായതിൻ പ്രകാരം ടി ഉത്തരവിൽ നിർവ്വചിച്ചതു പ്രകാരം എന്തെല്ലാം ജോലികൾ ടി ഉദ്യോഗസ്ഥൻ നാളിതുവരെ ചെയ്തിട്ടുണ്ട് ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly